**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6574** **21-11-2019 ൽ മറുപടിക്ക്**

**വകുപ്പുകൾ തമ്മിൽ ഭൂമി കൈമാറ്റുന്നതിനുള്ള വ്യവസ്ഥകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.ടി. തോമസ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ പദ്ധതികൾ നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിന് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്നറിയിക്കുമോ; | (എ) ഭൂമി ആവശ്യമുള്ള വകുപ്പ് മേധാവി നിശ്ചിത മാതൃകയിലെ അർത്ഥനപത്രത്തോടൊപ്പം ഗവൺമെന്റിൽ നിന്നുള്ള ഭരണാനുമതി, പ്രോജക്ട് റിപ്പോർട്ട്, ടി പദ്ധതിയ്ക്കായി അനുവദിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ എന്നിവ ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് ലഭ്യമാക്കേണ്ടതും ആയത് പരിശോധിച്ച് അപേക്ഷ ഭൂമിയുടെ വിവരങ്ങൾ (മഹസർ, സ്കെച്ച്, വിലനിർണ്ണയ സ്റ്റേറ്റ്മെന്റ്) ബന്ധപ്പെട്ട അധികാരികൾ മുഖാന്തരം പരിശോധിച്ച് വ്യക്തത വരുത്തി 05.06.2018 ലെ ജി.ഒ (പി) 31/18 പ്രകാരം ജില്ലാ കളക്ടർമാർക്ക് തന്നെ തുടർ നടപടി സ്വീകരിക്കുവാൻ കഴിയുന്നതാണെങ്കിൽ അപ്രകാരവും അല്ലാത്തപക്ഷം ജില്ലാ കളക്ടർമാർ ഭൂമി കൈമാറ്റ ശുപാർശ ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന സർക്കാരിലേക്ക് സമർപ്പിക്കുന്നതും സർക്കാർ അനുമതിയ്ക്ക് വിധേയമായി വകുപ്പുകൾക്ക് ഭൂമി കൈമാറ്റുന്നതിനുള്ള ഉത്തരവ് അനുവദിക്കുന്നതുമാണ് നിലവിലെ സംവിധാനം.<br>മറ്റ് വകുപ്പുകളുടെ കൈവശമുള്ള ഭൂമിയാണ് അപേക്ഷ പ്രകാരം കൈമാറി നൽകേണ്ടതെങ്കിൽ പ്രസ്തുത വകുപ്പിന്റെ നിരാക്ഷേപപത്രം ഇക്കാര്യത്തിൽ ലഭ്യമാക്കേണ്ടതുണ്ട്.<br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ഭൂമിയാണ് സേവനവകുപ്പുകൾക്ക് കൈമാറേണ്ടതെങ്കിൽ പ്രസ്തുത സ്ഥലം വിജ്ഞാപനം മുഖേന റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കിയ ശേഷമേ ഭൂമി കൈമാറ്റ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമുള്ള സ്വയാർജ്ജിത ഭൂമിയാണ് സേവനവകുപ്പുകൾക്ക് കൈമാറേണ്ട തെങ്കിൽ ആയത് ഭൂമി വിട്ടൊഴിയൽ നടപടിക്രമത്തിലൂടെ റവന്യൂ പുറമ്പോക്കിൽ നിക്ഷിപ്തമാക്കി ഭൂമി കൈമാറ്റ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

| | |
|---|---|
| (ബി) വകുപ്പുകൾ തമ്മിലുള്ള ഭൂമികൈമാറ്റം നടക്കാത്തതു മൂലം പല സർക്കാർ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റം നടത്തുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) ഭൂമി കൈമാറ്റത്തിനുള്ള കാലതാമസം, വർദ്ധിച്ചുവരുന്ന വികസനാവശ്യങ്ങൾ എന്നിവ പരിഗണിച്ച് നഗര പ്രദേശങ്ങളിൽ 10 സെന്റ് വരെയും മുനിസിപ്പാലിറ്റിയിൽ 25 സെന്റ് വരെയും പഞ്ചായത്ത് പ്രദേശങ്ങളിൽ 50 സെന്റ് വരെയുമുള്ള ഭൂമി സേവന വകുപ്പുകൾക്ക് കൈമാറുന്നതിന് റവന്യൂ (എ) വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള 05.06.2018 ലെ ജി.ഒ (പി) നം. 31/18/ആർ.ഡി നമ്പർ ഉത്തരവ് പ്രകാരം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. ടി ഉത്തരവിന്റെയും വിശദമായ വില നിർണ്ണയം ഒഴിവാക്കുന്നതിനുള്ള സർക്കാർ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ ഭൂമി കൈമാറ്റ നടപടികൾ സമയബന്ധിതമായി പൂർത്തികരിക്കുന്നതിന് 14/11/2018 ലെ എൽ.ആർ.കെ 2-27511/17-ാം നമ്പർ സർക്കുലർ പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ